


# ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## കോട്ടയം രാജാസ് ഹൈസ്കൂൾ പാതിരിയാട്

ചീഫ് എഡിറ്റർ

**എ രജനി** (പ്രധാനധ്യാപിക)

**എഡിറ്റർ : കെ വിനീതൻ**

<u>**അംഗങ്ങൾ**</u>

റാനിയ ഷെറിൻ

സുമയ്യ

അഞ്ജന

അഞ്ജിത

സായന്ത്

ശ്രീലാൽ

ആദിത്യൻ

അനുഗ്രഹ

മയൂഖ

വൈഷ്ണവി

ഷഹൽ

സാന്ത്വന

പാതിരിയാട് കോട്ടയം രാജാസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃതപത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ സന്തോഷത്തോടുകൂടി സമർപ്പിക്കുന്നു

എ രജനി( ഹെഡ്മിസ്ട്രസ്സ്)

# പ്രളയം

പ്രളയജലം കലംകുത്തി ഒഴുകിയപ്പോൾ
ഇടവഴികൾ എല്ലാം ഒലിച്ചുപോയിരുന്നു
പ്രണയത്തെയും
പ്രതിരോധത്തിനും
പ്രതിഷേധത്തെയും
ഇടവഴികളിൽ ഒക്കെയും
നാട്ടു നന്മകളുടെ
മഞ്ഞ മന്ദാരങ്ങൾ
മൂകസാക്ഷികളായി
ആൾക്കൂട്ടങ്ങൾ ചവച്ചുതുപ്പിയ
മലീമസമായ മൈതാനികളിൽ
തനിയാവർത്തനങ്ങൾ
വേഷപകർച്ചകൾ
ഇടമുറിയാതെ പെയ്യുകയാണ്
സംഗമങ്ങളും
സൗഹൃദങ്ങളും
സമയങ്ങളും
ഒഴുകി അകന്ന
ശൂന്യമായ മരുഭൂമിയിൽ
പ്രളയം പോലെ..........
എന്തൊക്കെയോ തിമിർക്കുന്നു

**കെ പി രാമചന്ദ്രൻ**

അറിവ് നമ്മെ  വലിയവരാക്കും .എന്തിനാണ് വായിക്കുന്നത്, അറിവും ആനന്ദവും നേടാൻ, കഥയും കവിതയും വായിക്കാം ,കഥകളിലെ നല്ല കഥാപാത്രങ്ങൾ നമ്മെ നല്ലവരാക്കും. വായിക്കുന്നവർ വായിക്കാത്തവരേക്കാൾ നല്ല മനുഷ്യരാകും.

...................നന്നായി പഠിക്കുക വായന വളർത്തുക...................

# യാത്ര

പകലുമുഴുവൻ യാത്രയായിരുന്നു
രാത്രി വിശ്രമവും
കാതം ഒത്തിരി താണ്ടി
ഇനി വയ്യ
പാതിവഴിയിൽ ഏറെ കടന്നു ഈ ജീവിതയാത്ര
ഒപ്പം നടന്നവർ
ഒക്കെയും പിരിഞ്ഞുപോയി
ഇനിയെത്ര കാലം
ഈ വഴിത്താരകളിൽ
അറിയില്ല

**അഥീന IXC**

ഒരാൾ ഭൃത്യനെ എണ്ണ വാങ്ങാൻ അയച്ചു. തൻറെ പാത്രം നിറച്ച്
എണ്ണ വാങ്ങി അവൻ തിരിച്ചു വരുമ്പോൾ ഒരു വഴിപോക്കൻ
ചോദിച്ചു" എടോ പാത്രത്തിനടിയിൽ ഓട്ട ഉണ്ട് എണ്ണ
ചോരുന്നുണ്ടോ കണ്ടില്ലേ" വിഡ്ഢിയായ ഭൃത്യൻ ഉടൻ പാത്രത്തിന്
അടിഭാഗം കാണാൻ പാത്രം മറിച്ചുനോക്കി .വഴികാരൻ ഇത്
കണ്ട് പൊട്ടിപ്പൊട്ടി ചിരിച്ചു

**ആരോമൽ** XC

# ചില "പൊടി" കാര്യങ്ങൾ

വായു മലിനീകരണത്തിന് ഒരു പ്രധാനകാരണമാണ് പൊടിപടലം. കാണാൻ കഴിയുന്ന പൊടികളും കണ്ണിനു കാണാൻ കഴിയാത്ത തീരെചെറിയ പൊടികളും ഉണ്ട്. പൊടി എത്ര ചെറുതാണോ അത്രയും കൂടുതൽ നേരം അത് വായുവിൽ തങ്ങി നിൽക്കുകയും പറന്നു സഞ്ചരിക്കുകയും ചെയ്യും. മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന പൊടിപടലങ്ങൾ ആണ് വായു മലിനീകരണത്തിന് 33 ശതമാനത്തിനും കാരണം. പൊടിയുടെ ഉറവിടങ്ങൾ മണ്ണ് മണൽ പാറയുടെ പൊടി ചെടികളിൽ നിന്നും ഉത്ഭവിക്കുന്ന പൊടികൾ പരാഗരേണുക്കൾ തുടങ്ങിയവ മൃഗങ്ങൾ പൊഴിച്ചിടുന്ന നിർജ്ജീവ കോശങ്ങൾ മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന പൊടികൾ പൂന്തോട്ട പണികൾ വ്യവസായ ജോലികൾ തുടങ്ങിയവ കൊണ്ടുണ്ടാകുന്ന പൊടി വാഹനങ്ങളിൽ നിന്നുള്ള പുകയും പൊടിയും ചവറു കത്തിക്കുന്നത് മൂലമുള്ള പൊടി പ്രകൃതിയിലുണ്ടാകുന്ന ചുഴലിക്കാറ്റ് കാട്ടുതീ അഗ്നിപർവ്വതസ്ഫോടനം തുടങ്ങിയവകൊണ്ടും പൊടിപടലം സൃഷ്ടിക്കപ്പെടുന്നു. വാഹനം

ഓട്ടുമ്പോൾ റോഡിൽ നിന്നു ഉയരുന്ന പൊടി, കെട്ടിട നിർമ്മാണ പ്രവർത്തനം കൊണ്ടുണ്ടാകുന്ന പൊടി,

**ധൂളി കൊടുങ്കാറ്റ്**

തുള്ളി ചുഴലി എന്നും പേരുള്ള മണൽക്കാറ്റ് ആണിത് ഇതിനെ ഡെവിൾ എന്നും വിശേഷിപ്പിക്കാറുണ്ട്. മണൽത്തരികളും പൊടിയും മീറ്ററുകളോളം ഉയരത്തിൽ പൊങ്ങുന്ന മരുഭൂമികളിൽ കൂടിയ താപനില മൂലം ഇത്തരം കാറ്റുകൾ അഥവാ വായുപ്രവാഹം രൂപപ്പെടുന്നു. സഹാറയിൽ വീശുന്ന seymour ആസ്ട്രേലിയയിൽ വീശുന്ന ഫീൽഡർ എന്നിവ ഉദാഹരണങ്ങളാണ്. ഉപഗ്രഹം വഴി മണൽക്കാറ്റുകൾ നിരീക്ഷിക്കാൻ സാധിക്കും. തരിശു ഭൂമികളിൽ കണക്കിന് മണൽ തരികൾ ചുഴലിക്കാറ്റിലും മൈലുകൾ സഞ്ചരിക്കും. പൊടി പൊടിയും ആരോഗ്യവും ഏതു വലിപ്പത്തിലുള്ള പൊടി എന്നതിനെ ആശ്രയിച്ചിരിക്കും. അതിൻറെ വിഷാംശത്തെ തീവ്രത തീരെചെറിയ പൊടികളാണ് ആരോഗ്യത്തിന് ഹാനികരമാകുന്ന സാധാരണഗതിയിൽ അന്തരീക്ഷത്തിലെ പൊടി മൂലം കണ്ണുകൾക്ക് അസ്വസ്ഥത തുമ്മൽ ചുമ ശ്വാസംമുട്ടൽ തുടങ്ങിയ അസുഖങ്ങൾ ഉണ്ടാകാം. വർഷങ്ങളോളം കൂടിയ അളവിൽ പൊടിച്ച് കൊണ്ടിരുന്നാൽ ശ്വാസകോശ രോഗങ്ങൾക്ക് സാധ്യതയുണ്ട്. മഴയും വായുവും മഴ വായുവിനെ ശുദ്ധീകരിക്കുന്നു. മഴപെയ്തു കഴിഞ്ഞാൽ തണുപ്പ് മാത്രമല്ല ഒരു ഫ്രഷ്നെസ് കൂടി അനുഭവപ്പെടാറില്ലേ ഇതിനുകാരണം  വായുവിനെ കഴിയുന്നു എന്നതുതന്നെ. എന്നാൽ അന്തരീക്ഷത്തിലുള്ള വിഷവാതക അംശങ്ങളെ മഴ കഴുകി കളയുന്നില്ല. മഴപെയ്യുമ്പോൾ താൽക്കാലികമായി പോലീസ് മഴ ഒരുപരിധിവരെ വായുവിനെ ഗുണം വർദ്ധിപ്പിക്കുന്നു വെയിലിന്

ചൂട് കൂടുമ്പോൾ പൊടി പ്രശ്നങ്ങൾ വീണ്ടും ഉണ്ടാകും

**രാജശ്രീ**